# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 825 — 12.06.2013 - ൽ മറുപടിക്ക്

## കമ്മിഷൻ ചെയ്ത കുടിവെള്ള പദ്ധതികൾ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. കോവൂർ കുഞ്ഞുമോൻ | പി ജെ. ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ടെണ്ടർ നൽകി പ്രവൃത്തി ആരംഭിച്ച ഏതെങ്കിലും കുടിവെള്ള പദ്ധതി പൂർത്തിയാക്കി കമ്മിഷൻ ചെയ്തിട്ടുണ്ടോ; | (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ഭരണാനുമതി നൽകിയ ത്വരിത ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതിയിൽപ്പെട്ട ഒരു പദ്ധതി 2012-13-ൽ പൂർത്തിയായിട്ടുണ്ട്. |
| (ബി) എങ്കിൽ അവ ഏതൊക്കെയാണെന്നും ടെണ്ടർ നടപടി പൂർത്തിയാക്കി എന്ന് പ്രവൃത്തി ആരംഭിച്ചു എന്നും എന്ന് കമ്മിഷൻ ചെയ്തുവെന്നും പദ്ധതി കൊണ്ട് എത്രപേർക്ക് ഗുണം ലഭിച്ചു എന്നും വെളിപ്പെടുത്തുമോ; | (ബി) വെസ്റ്റ് എളേരിയുടെ വിതരണ ശൃംഖല 09/2012-ൽ ആരംഭിക്കുകയും 31.03.2013-ൽ പൂർത്തിയാക്കുകയും ചെയ്തു. ഇതു മൂലം 29551 പേർക്ക് പ്രയോജനം ലഭിക്കുന്നു. |
| (സി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ആരംഭിച്ച എത്ര പദ്ധതികൾ ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം പൂർത്തിയാക്കി കമ്മിഷൻ ചെയ്തു എന്നും അതിലൂടെ എത്രപേർക്ക് കുടിവെള്ളം നൽകാൻ കഴിഞ്ഞു എന്നും വ്യക്തമാക്കുമോ? | (സി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ആരംഭിച്ച ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം പൂർത്തിയാക്കി കമ്മീഷൻ ചെയ്ത പദ്ധതികൾ താഴെ പറയുന്നു.<br>ചേർത്തല ജൈക്ക ശുദ്ധജല വിതരണ പദ്ധതിയുടെ പൂർത്തീകരണം വഴി 6.53 ലക്ഷം പേർക്ക് ശുദ്ധജലം ലഭ്യമാക്കുകയും ജൈക്ക, പട്ടുവം ശുദ്ധജല വിതരണ പദ്ധതി വഴി 5.3 ലക്ഷം ജനങ്ങൾക്ക് ശുദ്ധജലം ലഭ്യമാക്കുകയും ചെയ്തു. 2012-13-ൽ 2009-10-ൽ പ്പെട്ട Augmentation to Pala യും കമ്മീഷൻ ചെയ്തു.<br>എ.ആർ.പി. സ്കീം വഴി 5 പദ്ധതികൾ പൂർത്തീകരിക്കുകയും 278765 ജനങ്ങൾക്ക് കുടിവെള്ളം ലഭ്യമാക്കുകയും ചെയ്തു. കൂടാതെ 13 നബാർഡ് പദ്ധതികൾ പൂർത്തിയാക്കി കമ്മീഷൻ ചെയ്തതിലൂടെ 6,46,682 പേർക്കും എം.എസ്.ഡി.പി പ്രോഗ്രാം വഴി 2 പദ്ധതികൾ പൂർത്തിയാക്കിയതിലൂടെ 50,847 പേർക്കും കുടിവെള്ളം ലഭ്യമാക്കാൻ സാധിച്ചു. |

സെക്ഷൻ ഓഫീസർ